# പള്ളികഥകൾ

## മിനികഥകൾ ഇരുപത്തിനാല്

ജോയിക്കുട്ടി, ഡിട്രോയിറ്റ്

ജോസഫ് അച്ചന്റെ കൂടെ ഒന്നിച്ച് സിമിനാരിയിൽ പഠിച്ചിരുന്ന ഒരാള് ബിഷപ്പായിട്ടുണ്ട്. അദ്ദേഹം പറഞ്ഞ കാര്യങ്ങളലൊന്നാന്നാണ് ഇപ്രാവശ്യം പറയുന്നത്. ഈ ബിഷപ്പും ഒരു ബ്രാമണനും ഒന്നിച്ച് സ്ക്കൂളിൽ പഠിച്ചിരുന്നു; ബ്രമ്മദത്തൻ. നമ്മുടെ ബിഷപ്പ് ബിഷപ്പായതിനു ശേഷം ഒരിക്കൽ ഈ പഴയ കാല സുഹൃത്തിനെ സന്ദർശിക്കാൻ പോയി. ബ്രമ്മദത്തനും ഇത് വളരെ സന്തോഷകരമായ ഒരു കാര്യമായി.

**തിരുമേനിമാർ**

മനയിൽ വന്ന ബിഷപ്പിനെ വളരെയധികം സന്തോഷത്തോടുകൂടെ തന്നെ ബ്രമ്മദത്തൻ സ്വീകരിച്ചിരുത്തി. ബ്രമ്മദത്തൻ ഇരിക്കുന്നതിന്റെ തൊട്ടു പിന്നിലുള്ള കതകിനു മറഞ്ഞ് അയാളുടെ ഭാര്യ; അന്തർജ്ജനം നിൽക്കുന്നുണ്ട്. അന്തർജ്ജനത്തിന് സാധാരണ പുരുഷന്മാരുടെ മുമ്പിൽ പോകാൻ പാടില്ലല്ലോ. ഈ ക്രമീകരണത്തിൽ അന്തർജ്ജനത്തിന് നമ്മുടെ ബിഷപ്പിനെ നല്ല വിധം കാണാൻ സാധിക്കും. എന്നാൽ ബലിഷപ്പിന് അന്തർജ്ജനത്തിന്റെ കിളിമൊഴി മാത്രമേ കേൾക്കാൻ കഴിയുകയുള്ളു.

"അയ്യൊ! ഇദ്ദേഹത്തിന്റെ തല മുഴുവനും കാഷ്ഠം വീണിരിക്കുകയാണല്ലോ?" അന്തർജ്ജനത്തിന്റെ കിളിമൊഴി.

"അത് കാഷ്ഠം അല്ല; അവരുടെ വസ്ത്രമാണ്" ബ്രമ്മദത്തൻ.

"ഇതിന് മ്ശനംമ്ശ എന്നാണ് പറയുന്നത്" ബിഷപ്പ് പറഞ്ഞു മനസ്സിലാക്കി.

"അപ്പോൾ പ്രാത്ഥിക്കുമ്പോഴും ഈ തുണി തലയിൽ ഇട്ടിരിക്കുമോ? അന്തർജ്ജനത്തിന്റെ സംശയം വദ്ധിക്കുകയാണ്.

"ഈ കറുത്ത തുണിയേൽ പന്ത്രണ്ടു ചെറിയ കുരിശടയാളവും ഏറ്റവും പുറകിലായി ഒരു വലിയ കുരിശടയാളവും കാണും. അത് യേശുക്രിസ്തുവിനേയുംശിഷ്യന്മാരേയും ആണ് കാണിക്കുന്നത്. ഞങ്ങൾ പ്രാത്ഥിക്കുമ്പോഴും ഇത് തലയിൽ കാണും."

"സ്ത്രീകളല്ലേ തലയിൽ തുണിയിട്ട് പ്രാത്ഥിക്കുന്നത്?"

"തിരുമേനിയോട് ഇങ്ങിനെ അനാവശ്യ കാര്യങ്ങളൊന്നും പറയുന്നതും ചോദിക്കുന്നതും ശരിയല്ല". ബ്രമ്മദത്തൻ.

"ഇദ്ദേഹവും തിരുമേനിയാണോ?" അന്തർജ്ജനം.

"അവരെ സാധാരണ എല്ലാവരും അങ്ങിനെയാണ് വിളിക്കാറുള്ളത്" ബ്രമ്മദത്തൻ.

"പഴയ കാലത്ത് ബ്രാമണകുടുംബങ്ങളിൽ ജനിച്ചവരെയായിരുന്നു മെത്രാനാക്കിയിരുന്നത്. അന്നും ഇന്നും ബ്രാമണരെ തിരുമേനിയെന്ന് ജനങ്ങൾ വിളിച്ചിരുന്നതുകൊണ്ട് ഈ മെത്രാന്മാരെ അന്നും ഇന്നും തിരുമേനിയെന്ന് ജനങ്ങൾ വിളിക്കുന്നു. എന്നാൽ ഞങ്ങൾ പറയുമ്പോൾ മെത്രാച്ചൻ എന്നാണ് പറയാറുള്ളത്. മെത്രാൻ + അച്ചൻ = മെത്രാനച്ചൻ എന്നത് ലോപിച്ചാണ് മെത്രാച്ചനായത്. ഒരാൾ പൗരോഹിത്യം എടുക്കുമ്പോൾ അച്ചൻ എന്നും ഒരു പടി കൂടെ മുന്നോട്ടു പോകുമ്പോൾ മെത്രാച്ചൻ എന്നും വിളിക്കും" ബിഷപ്പ്.

"അപ്പോൾ ഇവർ എവിടെയാണ് താമസിക്കുന്നത്?"അന്തർജ്ജനം.

"അരമനയിൽ. സാധാരണ ബ്രാമണർ താമസിക്കുന്നിടം മനയെന്നാണ് അറിയപ്പെടുന്നതെങ്കിൽ അതുപോലെ ബഹുമാന സൂചകമായി ഇവർ താമസിക്കുന്നിടത്തെ അരമനയെന്നാണ് അറിയപ്പെടാറുള്ളത്."

"അപ്പോൾ ഇദ്ദേഹത്തിന്റെ ഭാര്യയോ!" അന്തർജ്ജനം.

"ഇവർ സന്ന്യാസികളാണ്. ഇവർ അവിവാഹിതരാണ്.വിവാഹം ഇവക്ക് നിഷിധമാണ്." ബ്രമ്മദത്തൻ.

"സന്ന്യാസം ഹൈന്നവക്കുള്ളതല്ലേ!" അന്തർജ്ജനം.

"സന്ന്യാസത്തിന് ജാതി മത ഭേദമില്ല. ആക്കുമാകാം. എന്നാൽ ക്രൈസ്തവരിൽ തന്നെ ചിലരിൽ വിവാഹജീവിതമുള്ള മെത്രാച്ചന്മാരുമുണ്ട്." ബിഷപ്പ് കൂടുതൽ വ്യക്തമാക്കി.

"ഒരാൾ തിരുമേനിയായതിനു ശേഷം വിവാഹം ചെയ്താലോ!"

"അങ്ങിനെയുള്ള ഒരാളെ സഭയിൽ നിന്നും ബഹുഷ്ക്കരിക്കും."

"അപ്പോൾ ഭഗവാൻ മനുഷ്യരെ ആണും പെണ്ണുമായി സൃഷ്ടിച്ചിരിക്കുന്നത് എല്ലാവരും സന്ന്യസിക്കാനാണോ! അപ്പോൾ ഈ ലോകം എങ്ങിനെ നിലനിൽക്കും!" അന്തർജ്ജനം.

"അതിനും വേണ്ട സൗവിധാനങ്ങൾ ഉണ്ട്. ഒരാൾ പൗരോഹത്യ കമ്മത്തിനാക്കപ്പെടുന്നതിന് മുമ്പ് അവക്ക് വിവാഹ ജീവിതം വേണോ വേണ്ടായോ എന്നു തീരുമാനിക്കാൻ അവസരം കൊടുക്കും. അങ്ങിനെ പരിപൂണ്ണം കുടുംബജീവിതം പരിത്യജിക്കുന്ന ഒരാൾക്കു മാത്രമേ ഇവ്വിധം മെത്രാനാകാൻ സാധിക്കൂ." ബിഷപ്പ്.

"അങ്ങിനെ വിവാഹജീവതം പരിത്യജിക്കുന്ന എല്ലാവക്കും തിരുമേനിയാകാൻ സാധിക്കുമോ?" അന്തർജ്ജനം.

"ഇല്ല. അവരിൽ നിന്നും തിരഞ്ഞെടുക്കുന്നവക്കു മാത്രമേ മെത്രാൻ ആകാൻ സാധിക്കൂ. അല്ലാത്തവർ ജീവിതകാലം മുഴുവനും സന്ന്യാസ അച്ചനായി ജീവിക്കാം." ബിഷപ്പ്.

"അത് വളരെ ക്രൂരമായ ഒരു നടപടിയല്ലേ." അന്തർജ്ജനം.

"അങ്ങിനെയെല്ലാമാണ് സഭയുടെ നടപടികൾ" ബിഷപ്പ്.

"ഒരാൾ തിരുമേനിയായി കഴിഞ്ഞാൽ പിന്നെ അവക്ക് കാമവികാരം ഉണ്ടായാൽ എന്തു ചെയ്യും!" അന്തർജ്ജനം.

"തന്റെ ചോദ്യങ്ങൾ അതിരു കടക്കുന്നു." ബ്രമ്മദത്തൻ.

"ഇവർ ഭക്ഷണമല്ല കഴിക്കുന്നത്; മേശയാണ് കഴിക്കുന്നത്. ഇവർ ഭക്ഷണം കഴിക്കുന്നതിനെ മേശ കഴിക്കുകയെന്നും ഉച്ചയ്ക്കും രാത്രിയിലും കഴിക്കുമ്പോൾ കഞ്ഞി കഴിക്കുകയെന്നുമാണ് പറയാറുള്ളത്." ബ്രമ്മദത്തൻ വിശദീകരിച്ചു.

"പഴയ കാലത്ത് ഞങ്ങൾ മെത്രാന്മാക്ക് കഞ്ഞി കഴിക്കാനുള്ള സാമ്പത്തിക ശേഷിയേ ഉണ്ടായിരുന്നുള്ളു." ബിഷപ്പ്.

"ഇവർ മരിക്കത്തില്ല; കാലം ചെയ്തു എന്നാണ് മരണം സംഭവിച്ചാൽ പറയുന്നത്. ഇവരെ കിടത്തിയല്ല അടക്കം ചെയ്യുന്നത്. കസേരയിൽ ഇരുത്തി കുഴി മുഴുവനും കുന്തിരിക്കം കൊണ്ട് മൂടിയാണ് അടക്കം ചെയ്യുന്നത്." ബ്രമ്മദത്തൻ കൂടുതൽ വിശദീകരിച്ചു

"അയ്യൊ! പപ്പടം ഉണ്ടാക്കുന്ന പാണ്ടന്മാരെയല്ലേ അങ്ങിനെ ഇരുത്തി അടക്കുന്നത്!"അന്തർജ്ജനം.

"ക്രൈസ്തവ സഭയിലെ എല്ലാവക്കും ഇത് ബാധകമല്ല. ചിലരെ കിടത്തിയാണ് അടക്കം ചെയ്യുന്നത്. അടക്കം ചെയ്യുന്നതിനെ കബറടക്കം ചെയ്തു എന്നും അതിനെ ഖബർ എന്നും പറയപ്പെടുന്നു." ബിഷപ്പ് കൂടുതൽ വിശദീകരണം നൽകി.

"നമ്മളെ ഇവിടെയുള്ളവർ തിരുമേനീയെന്ന് വിളിക്കുകയും കൈ കൂപ്പി ബഹുമാനിക്കുകയും എല്ലാം ചെയ്യുന്നു. നമ്മൾക്ക് ചുറ്റും കാണുന്ന ഈ കൊച്ചു ലോകം മാത്രമാണ് നമ്മളുടേത്. ഈ തിരുമേനി ഈ സമയം കൊണ്ട് ഈ ലോകം മുഴുവനും കണ്ടു കഴിഞ്ഞിരിക്കുന്നു. ഈ വലിയ ലോകത്തിന്റെ നാനാഭാഗങ്ങളിൽ നിന്നും കൈ കൂപ്പാനും ബഹുമാനിക്കാനുമുള്ള ഒരു വലിയ ദ്ദേഹമാണിത്. അദ്ദേഹമിപ്പോൾ തന്നെ സ്വന്തം കാറിൽ ഡ്രൈവറുമായായാണ് ഇവിടെ എത്തിയിരിക്കുന്നത്. നമ്മൾക്ക് കാർ എന്നതു തന്നെ ഒരു സ്വപ്നമാണ്. അങ്ങിനെ ഈ ലോകം മുഴുവനും സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്ന ഒരു വലിയ വ്യക്തി നമ്മുടെ മനയിൽ വന്നതു തന്നെ നമ്മുടെ ഒരു വലിയ അനുഗ്രഹമായി കരുതേണ്ടതാണ്.